പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3784

19.03.2018 ൽ മറുപടിക്ക്

## റെയിൽവെ പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ<br>,, അനൂപ് ജേക്കബ്<br>,, വി.ടി.ബൽറാം<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചെന്നൈ ആസ്ഥാനമാക്കി റെയിൽവെ സോൺ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവെ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമുണ്ടോ എന്നറിയിക്കാമോ;<br><br>(ബി) റെയിൽവെ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് റെയിൽവെയുടെ തിരുവനന്തപുരം, പാലക്കാട് എന്നീ ഡിവിഷനുകൾ ചേർത്ത് എറണാകുളം അസ്ഥാനമാക്കി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണ്; | (എ) യും (ബി) യും ഉണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51 : 49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. |
| (സി) 2018-19 ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ റെയിൽവെ വികസനത്തിന് ഉതകുന്ന പദ്ധതികളെന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. (50 ശതമാനത്തോളം). പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടകമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ